## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1937 | 06.02.2019 - ൽ മറുപടിക്ക് |

## പ്രളയാനന്തര പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ എത്ര ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്; നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായി നടന്നുവരുന്നു. ഇവയിൽ പ്രധാനപ്പെട്ട ചിലത് താഴെ ചേർക്കുന്നു.<br>കലക്ടർമാരുടെ വെരിഫിക്കേഷനു ശേഷം എല്ലാ വിഭാഗങ്ങളിലും കൂടി ആകെ 2,55,964 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 13,362 വീടുകൾ പൂർണ്ണമായും നശിച്ചവയാണ്. അതിൽ 7428 പേർ സ്വയം വീട് നിർമിച്ചുകൊള്ളാമെന്ന് അറിയിച്ചു. 9,341 പേർക്ക് ആദ്യഗഡു സഹായം നൽകുകയും വീട് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർഹോം, സന്നദ്ധസംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിച്ച് വരുന്നു. ഭാഗികമായി തകർന്ന വീടുകളെ തകർച്ചയുടെ തോതനുസരിച്ച് നാലുവിഭാഗങ്ങളാക്കിയിട്ടുണ്ട്. ആദ്യ രണ്ട് വിഭാഗങ്ങൾക്ക് ധനസഹായം പൂർണ്ണമായി നൽകി. ബാക്കിയുള്ളവർക്ക് ഒന്നാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 1,30,606 കുടുംബങ്ങൾക്ക് ഇത്തരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ അവശേഷിക്കുന്നവർക്കെല്ലാം |

| | | | |
|---|---|---|---|
| | | | പൂർണ്ണമായി ധനസഹായം വിതരണം ചെയ്യാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക കണ്ടെത്തി പ്രളയ പുനർനിർമ്മാണ പ്രവൃത്തികൾക്കായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നഗരകാര്യ വകുപ്പ് 1274 റോഡുകൾക്കായി 2018-19 വർഷത്തിൽ 12 കോടി രൂപയും 2019-20 വർഷത്തേയ്ക്ക് 18 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.<br>പൊതുമരാമത്തവകുപ്പ് പ്രളയാനന്തര റോഡ് പുനരുദ്ധാരണത്തിനായി നോൺ പ്ലാൻ ഇനത്തിൽ 882 കോടി രൂപയുടെയും പ്ലാൻ ഇനത്തിൽ 1567 കോടി രൂപയുടെയും പദ്ധതികൾക്കു ഭരണാനുമതി നൽകി പൂർത്തീകരിച്ച് വരുന്നു.<br><br>കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി *റീസർജന്റ് കേരള* ലോൺ ഇനത്തിൽ 923 കോടിരൂപയുടെ ധനസഹായം ലഭ്യമാക്കി. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതിപ്രകാരം 50000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ, കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി *ഉജ്ജീവന പദ്ധതി* നടപ്പാക്കി വരുന്നു. 506 അപേക്ഷകൾ ഇതിനോടകം ലഭിച്ചു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി *പുനർജനി* എന്ന പേരിൽ പുതിയ വായ്പാപദ്ധതിക്ക് KSIDC രൂപം നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | കൃഷി നഷ്ടം സംഭവിച്ചവർക്ക് 66.747 കോടി രൂപ SDRF ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വകുപ്പിന്റെ വിഹിതമായി 110.3 കോടി രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽപെടുത്തി 18.04 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൃഷിഭൂമിയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിനായി 525 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൃഷി മേഖലയുടെ പുനരുദ്ധാരണത്തിനായി 1603 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ട്.<br>ക്ഷീര വികസന വകുപ്പിന്റെ നേതൃത്വതിൽ 400 പശുക്കളെ വിതരണം ചെയ്തു. വകുപ്പിന്റെ ആഭിമുഖ്യത്തിൽ 665 ലക്ഷം രൂപയുടെ സഹായം ക്ഷീര കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ഇപ്രകാരം പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | വീട് പൂർണ്ണമായി തകർന്ന എത്ര കുടുംബങ്ങൾക്ക് ഇതിനോടകം വീട് വച്ചു നൽകി; വീട് പുനർനിർമ്മാണം നടന്നു വരുന്നവയെത്ര; | | തൃശ്ശൂർ ജില്ലയിൽ 7 വീടുകളും, പാലക്കാട് ജില്ലയിൽ 3 വീടുകളും, കണ്ണൂർ ജില്ലയിൽ 1 വീടും, വയനാട് ജില്ലയിൽ 17 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലുമായി ആദ്യ ഗഡു ധനസഹായം നല്കിയ 8069 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>CareHome പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾ എത്രയും വേഗം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ആയതു കണ്ടെത്തി വീട് നിർമ്മിച്ചു നൽകുന്ന പ്രവൃത്തി ഏതു ഘട്ടം വരെയായി; വിശദമാക്കുമോ? | | പൂർണ്ണമായും സ്ഥലംഉപയോഗശൂന്യമായതും സ്വന്തമായി വേറെ സ്ഥലം ഇല്ലാത്തതും നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലാത്തതുമായ കേസ്സുകളിൽ 6,00,000/-(ആറ് ലക്ഷം) രൂപയോ പ്രമാണത്തിൽ ഉള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പുറമ്പോക്കിൽ താമസിക്കുന്ന, പൂർണമായും വീട്ടു തകർന്നവർക്ക് വീട്ടു നിർമിച്ചു നൽകുന്നതിനുള്ള ഭൂമി കണ്ടെത്തി ആയതു പതിച്ചു നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**